# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ആഗസ്റ്റ് 12-ാം തീയതി ചൊവ്വാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -10)

921) ദേശീയപാതയിലെ അറ്റകുറ്റപ്പണികൾക്ക് കേന്ദ്രത്തിൽനിന്ന് ലഭിക്കേ വിഹിതം
922) സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി
923) ടാറിന്റെ ദൗർലഭ്യം
924)യു.ജി.സി. പ്രഖ്യാപിച്ച മികച്ച കോളേജുകൾ
925)സ്കൂളുകളിലെ ഇംഗ്ളിഷ് അദ്ധ്യാപകർ
926)സി. ആർ.എഫ്.സ്കീമിൽ ഉൾപ്പെടുത്തിയ മരാമത്ത് ജോലികൾ
927)ഗ്രേഡിംഗ് സമ്പ്രദായം
928) സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണത്തിനുള്ള പണം ലഭ്യമാക്കുന്നതിനുള്ള നടപടി
929) മൈത്രീ ഭവന നിർമ്മാണ പദ്ധതിക്ക് ഹഡ്കോയിൽനിന്ന് വായ്പ ലഭ്യമാക്കാൻ നടപടി
930) അച്ചടിച്ച വിലയേക്കാൾ കൂടുതൽ വില ഈടാക്കുന്നതിനെതിരെ നടപടി.

### ദേശീയപാതയിലെ അറ്റകുറ്റപ്പണികൾക്ക് കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ട വിഹിതം

*921. ശ്രീ. മത്തായി ചാക്കോ :
ഡോക്ടർ തോമസ് ഐസക് :
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിലെ അറ്റകുറ്റപ്പണികൾക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട വിഹിതത്തിലെ കുടിശ്ശിക നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) നിർമ്മാണ ചെലവിന്റെ വിശദാംശങ്ങൾ യഥാസമയം കേന്ദ്രത്തിൽ അറിയിച്ചിട്ടുണ്ടോ;

(സി) ഏതെങ്കിലും പണികളുടെ അവാർഡ് തുക സംബന്ധിച്ച് കേന്ദ്രവുമായി തർക്കമുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ ;

(ഡി) കേന്ദ്രത്തിൽനിന്ന് ലഭിക്കാനുള്ള കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**
**ഡോ. എം.കെ. മുനീർ(മരാമത്തു വകുപ്പുമന്ത്രി):**

(എ)&(ഡി) ദേശീയപാതകളിലെ അറ്റകുറ്റപണികൾക്കുവേണ്ടി 2002-03 ൽ ചെലവഴിച്ച 14.40 കോടിരൂപയിൽ 9.06 കോടിരൂപ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുവാനുണ്ട്. ഈ തുകയ്ക്ക് ആവശ്യമായ അലോക്കേഷൻ നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട് .

(ബി &സി) നിർമ്മാണച്ചെലവിന്റെ വിശദാംശങ്ങൾ അറിയിച്ചു കഴിഞ്ഞിട്ടുണ്ട്. ചെലവഴിച്ച തുകയെ സംബന്ധിച്ച് തർക്കങ്ങളൊന്നുമില്ല.

### സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി

*922. ശ്രീ. പി.ടി. തോമസ് :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ടി.യു. രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ.ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാവിജയത്തിന്റെ കാര്യത്തിൽ താഴ്ന്ന നിലവാരം പുലർത്തുന്ന സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ;

(ബി) അതിന് പ്രതീക്ഷിച്ച ഫലം സിദ്ധിക്കുന്നുണ്ടോ ;

(സി) പ്രസ്തുത നടപടികൾക്ക് എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

**ഉത്തരം**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി)**

(എ) എസ്.എസ്.എൽ.സി. വിജയശതമാനം ഉയർത്തുന്നതിന് വിദ്യാഭ്യാസവകുപ്പിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ പല പ്രവർത്തനങ്ങളും

നടത്തിവരുന്നുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് സ്റ്റേറ്റ് ആവറേജിനേക്കാൾ വിജയശതമാനം കുറഞ്ഞ സ്കൂളുകൾ ദത്തെടുത്ത് പി.ടി.എ.യുടേയും സ്കൂൾ അധികൃതരുടേയും സഹായത്തോടെ വിജയശതമാനം ഉയർത്തുന്നതിനുള്ള പരിപാടികൾ മുൻവർഷങ്ങളിൽ ഏറ്റെടുത്ത് നടത്തിയിരുന്നു. ഈ വർഷം 25% താഴെ വിജയശതമാനം കരസ്ഥമാക്കിയ 84 ഗവൺമെന്റ് ഹൈസ്കൂളുകൾ ദത്തെടുത്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ തദ്ദേശജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ 'വിജയഭേരി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഏറ്റവും കൂടുതൽ വിജയശതമാനം കരസ്ഥമാക്കുന്ന ജില്ലയ്ക്ക് പ്രോത്സാഹനം എന്ന നിലയിൽ ട്രോഫിയും സർട്ടിഫിക്കറ്റും നൽകിവരുന്നുണ്ട്. മുൻ വർഷത്തേക്കാൾ ഉയർന്ന വിജയശതമാനം കരസ്ഥമാക്കുന്ന ജില്ലയ്ക്കും ഇതേ രീതിയിൽ പ്രോത്സാഹന സമ്മാനം നൽകിവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## ടാറിന്റെ ദൗർലഭ്യം

*923. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ.: എം.വി. ജയരാജൻ :
ശ്രീ. വി.കെ.സി. മമ്മതുകോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡു നിർമ്മാണത്തിനാവശ്യമായ ടാർ ലഭ്യമല്ലാതെ വരുന്നതുമൂലം പലപ്പോഴും റോഡ് പണിക്ക് തടസ്സം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സംസ്ഥാനത്ത് ഈ വർഷം എത്ര കോടി രൂപയുടെ ടാർ ആവശ്യം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) ഇതുവരെ എന്ത് തുകയുടെ ടാർ വാങ്ങിയിട്ടുണ്ട് ; ടാർ വാങ്ങിയ വകയിൽ എന്തു തുക കമ്പനികൾക്ക് കുടിശ്ശിക കൊടുക്കാനുണ്ട് ;

(ഇ) ഈ വർഷം ഈ ഇനത്തിൽ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ഡോ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി) :**

(എ) റോഡുപണിയ്ക്ക് ആവശ്യമായ ടാർ യഥാസമയം ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നുവെങ്കിലും ഇക്കഴിഞ്ഞ ഒരുവർഷക്കാലം മിക്കവാറും ആവശ്യത്തിനനുസൃതമായി ടാർ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട് .

(ബി) കൊച്ചി റിഫൈനറിയുടെ ഉടമകളായ ബി.പി.സി.എൽ. കമ്പനിയിൽ നിന്നുമാണ് ഇപ്പോൾ പൊതുമരാമത്തു വകുപ്പിനാവശ്യമായ ടാർ മുഴുവനും വാങ്ങുന്നത്. വാങ്ങിയ ടാറിന്റെ വില നൽകുന്നതിൽ താമസം വരുമ്പോഴാണ് ലഭ്യത മെല്ലെയാകുന്നത് .

(സി) ഈ വർഷം 65 കോടിരൂപയുടെ ടാർ വേണ്ടിവരും.

(ഡി) ഈ സാമ്പത്തിക വർഷം ഇതുവരെ 20.5 കോടി രൂപ എണ്ണ കമ്പനിക്ക് നൽകിയിട്ടുണ്ട്. ഇനിയും ഏകദേശം 26 കോടിരൂപ നൽകുവാനുണ്ട്.

(ഇ) ടാർ വാങ്ങുന്നതിനായി പ്രത്യേകം തുക ബഡ്ജറ്റിൽ ഉൾപ്പെടുത്താറില്ല. അറ്റകുറ്റപ്പണികളുടെ ഹെഡിൽ നിന്നുള്ള തുക ഉപയോഗിച്ചാണ് ടാർ വാങ്ങുന്നത്.

## യു.ജി.സി. പ്രഖ്യാപിച്ച മികച്ച കോളേജുകൾ

924. ശ്രീ. എ. സുജനപാൽ
ശ്രീ. എ.പി. അനിൽകുമാർ
ശ്രീ. വർക്കല കഹാർ
ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ എത്ര കോളേജുകളെ മികച്ച കോളേജുകളായി യു.ജി.സി പ്രഖ്യാപിച്ചിട്ടുണ്ട്;

(ബി) മികവിന്റെ കേന്ദ്രങ്ങളായി പ്രഖ്യാപിച്ച ഈ കോളേജുകളുടെ വികസനത്തിന് യു.ജി.സി എന്തെല്ലാം സഹായങ്ങൾ ചെയ്തു?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യഭ്യാസ വകുപ്പുമന്ത്രി)**

(എ) കേരളത്തിലെ ഒരു കോളേജിനേയും മികച്ച കോളേജായി യു.ജി.സി. പ്രഖ്യാപിച്ചിട്ടില്ല. നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (നാക്)45 പ്രൈവറ്റ് എയ്ഡഡ് കോളേജുകളെയും 3 സർക്കാർ കോളേജുകളെയിം 3 സർക്കാർ കോളേജുകളെയും അക്രഡിറ്റ് ചെയ്തിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

## <u>സ്കൂളുകളിലെ ഇംഗ്ളിഷ് അദ്ധ്യാപകർ</u>

925. ശ്രീ. കോവൂർ കുഞ്ഞുമോൻ : : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഇംഗ്ളീഷ് ഭാഷ പഠിപ്പിക്കുന്നത് ഏത് വിഷയത്തിൽ ബി.എഡ് ബിരുദമുളളവരാണെന്ന് വ്യക്തമാക്കുമോ; എത്ര വർഷമായി ഇത് തുടരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ എല്ലാ സ്കൂളുകളിലും ഇംഗ്ളീഷിൽ ബിരുദമുളളവരെ ഇംഗ്ളീഷ് ഭാഷ പഠിപ്പിക്കുന്നതിനായി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രപേരെ അങ്ങനെ നിയമിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇംഗ്ളീഷ് പമിപ്പിക്കുന്നതിനായി പുതിയ അധ്യാപകരെ നിയമിക്കുമ്പോൾ നിലവിലുളള അദ്ധ്യാപകരുടെ ജോലി സംബന്ധമായി എന്തു നിലപാടാണ് കൈക്കൊളളുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവർക്കെല്ലാം പ്രൊട്ടക്ഷൻ നൽകാൻ സന്ർക്കാർ ഉദ്ദെശിക്കുന്നുണ്ടൊ എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ കോർ വിഷയങ്ങളിൽ (കണക്ക്,ഫിസിക്കൽ സയൻസ്, സമൂഹ്യശാസ്ത്രം) ബി.എഡ്. ബിരുദം ഉളളവരാണ് ഇംഗ്ളീഷ് പഠിപ്പിച്ചിരുന്നത്.2001-2002 അധ്യയന വർഷം വരെ ഈ രീതി തുടർന്നിരുന്നു. ഇപ്പോൾ ഇംഗ്ളീഷ് പഠിപ്പിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്റ്റാഫ് ഫിക്സേഷൻ കോർ വിഷയങ്ങളിൽ മൊത്തം അനുവദിക്കപ്പെടുന്ന തസ്തികകളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് ഇംഗ്ളീഷ് തസ്തിക നിർണ്ണയിക്കുന്നത്. എത്ര പേരെ നിയമിക്കാമെന്നത് കോർ വിഷയങ്ങളിൽ അനുവദിക്കപ്പെടുന്ന മൊത്തം തസ്തികകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കുന്നു.

(ഡി) നിലവിലുളള അദ്ധ്യാപകരെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിലാണ് ഇംഗ്ളീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുന്നത്. അയതുകൊണ്ട് നിലവിലുളള അദ്ധ്യാപകരുടെ ജോലിയെ ഇത് ദോഷകരമായി ബാധിക്കില്ല.

(ഇ) മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## <u>സി. ആർ.എഫ്.സ്കീമിൽ ഉൾപ്പെടുത്തിയ മരാമത്ത് ജോലികൾ</u>

926. ശ്രീ. ബിനോയ് വിശ്വം

ശ്രീ. എം. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സി. ആർ. എഫ്. സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇപ്പോൾ മരാമത്ത് ജോലികൾ നടക്കുന്നുണ്ടൊ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ജോലികൾ പൂർത്തിയാക്കുന്നതിന് ഇനി എത്രകാലം വേണ്ടിവരുമെന്ന് അറിയിക്കാമോ;

(സി) ഈ സ്കിമിൽ ഉൾപ്പെടുത്തി കൂടുതൽ സഹായം നേടിയെടുക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ഡോ. എം.കെ. മുനീർ (മരാമത്തുവകുപ്പുമന്ത്രി)**

(എ) സി. ആർ.എഫ്.സ്കീമിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പണികൾ ഇപ്പോൾ നടത്തിവരുന്നുണ്ട്.

1. ഹരിപ്പാട് - വീയപുരം റോഡ്
2. കുളനട- ആറൻമുള റോഡ്

3. കടപ്ര - വീയപുരം റോഡ്
4. കരമന - കിള്ളിറോഡ് വീതികൂട്ടൽ , കരമനപ്പാലം, കിള്ളിപ്പാലം കുടങ്ങിയവ.
5. അമരവിള-പെരുങ്കടവിള -താന്നിമൂട്-കാരക്കോണം-പാറശ്ശാല റോഡ്
6. അഴൂർക്കടവ് പാലം

(ബി)കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി, നിശ്ചിത സമയപരിധിക്കുള്ളിൽ മേപ്പടി പണികൾ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സി. ആർ. എഫ്. സ്കീം സംബന്ധിച്ച നിബന്ധനകൾ പാലിക്കുന്ന പദ്ധതികൾ മുൻഗണനാക്രമത്തിൽ കണ്ടെത്തി കേന്ദ്രാനുമതിയോടെ അവ നടപ്പാക്കുന്നതിന് ശ്രമിച്ചുവരുന്നു.

## ഗ്രേഡിംഗ് സമ്പ്രദായം

927. ശ്രീ. എ.പി. അനിൽകുമാർ
ശ്രീമതി മാലേത്ത് സരളാദേവി
ശ്രീ. കെ. മോഹൻകുമാർ
ശ്രീ. എം.മുരളി
ശ്രീമതി മേഴ്സി രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പരിഷ്ക്കരിച്ച വിദ്യാഭ്യാസ പരിപാടി അനുസരിച്ച് ഗ്രേഡിംഗ് സമ്പ്രദായം ഹൈസ്കൂൾ തലത്തിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ടൊ;

(ബി) എങ്കില ഗ്രേഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് പറയുമോ;

(സി) മാനദണ്ഡമനുസരിച്ചുള്ള വിലയിരുത്തൽ നടത്തേണ്ടത് ആരാണ്;

(ഡി) പ്രസ്തുത വിലയരുത്തൽ നടത്തുന്നതിന് പ്രാദേശീക സമിതികളുടെ ആവശ്യമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആ സമിതികളിലെ അംഗങ്ങൾ ആരെല്ലാമാണ്;

(എഫ്) ഗ്രേഡിംഗിനുള്ള സമിതികൾ സംസ്ഥാനത്തെല്ലായിടത്തും രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവകുപ്പുമന്ത്രി)**
**(വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി)**

(എ) ഉണ്ട്

(ബി) ഒൻപതാം തരത്തിൽ വരെ ഈ അദ്ധ്യയന വർഷം നടപ്പിലാക്കുന്ന മൂല്യനിർണ്ണയ രീതി അടുത്തവർഷം പത്താം തരത്തിലും നടപ്പിലാക്കുന്നതാണ്. ഗ്രേഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) വിലയിരുത്തൽ നടത്തേണ്ടത് അതാത് സ്കൂൾ അധികൃതരാണ്. ഇതിനായി സ്കൂൾ തലത്തിലും രണ്ട് മൂല്യനിർണ്ണയ സമിതികൾ ഉണ്ടാകും. സ്കൂൾതല മൂല്യനിർണ്ണയ സമിതിയിൽ പ്രധാന അദ്ധ്യാപകൻ, സീനിയർ അസിസ്റ്റന്റ്, സ്റ്റാഫ് പ്രതിനിധി, മറ്റ് തെരെഞ്ഞെടുക്കുന്ന അദ്ധ്യാപകർ എന്നിവർ ഉണ്ടാകും. ക്ളാസ്തല മൂല്യനിർണ്ണയ സമിതിയിൽ ക്ളാസ്സ് അദ്ധ്യാപകൻ, പ്രസ്തുത ക്ളാസ്സിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും ഒരു സീനിയർ അദ്ധ്യാപകനും അംഗങ്ങളായിരിക്കും.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) സ്കൂൾ തലത്തിൽ സമിതികൾ രൂപികരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണത്തിനുള്ള പണം ലഭ്യമാക്കുന്നതിനുള്ള നടപടി

928 ശ്രീ. സാജു പോൾ :
ശ്രീ. കെ.വി.കുഞ്ഞിരാമൻ :
ശ്രീ.പി.ജയരാജൻ :
ശ്രീ. ടി.കെ.ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളെ സംബന്ധിച്ച എന്തെല്ലാം ചുമതലകളാണ് ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നത് ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പി.ഡി.അക്കൗണ്ടുകളിലെ പണം തിരിച്ചെടുത്തതു മൂലം സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം അടക്കമുള്ള പല പ്രവൃത്തികളും പ്രതിസന്ധിയിലായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പി.ഡി.അക്കൗണ്ടുകളിലെ പണം തിരിച്ചെടുത്ത സ്ഥിതിക്ക് ് സ്കൂളുകൾക്ക് ഇതിനാവശ്യമായ പണം നേരിട്ട് നൽകുന്നതിന് തയ്യാറാകുമോ ?

**ഉത്തരം**

**ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായ വകുപ്പു മന്ത്രി)**

**(വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ) :-**

(എ) ഗ്രാമ പഞ്ചായത്തിലുള്ള എൽ.പി. സ്കൂളുകളുടെ നിയന്ത്രണം, സർക്കാർ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുക, അറ്റകുറ്റ പണികൾ നടത്തുക, സ്കൂൾ കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകുക, പ്രീപ്രൈമറി സ്കൂളുകൾ നടത്തുക, വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക, അനൗപചാരിക വിദ്യാഭ്യാസവും വയോജന വിദ്യാഭ്യാസവും മറ്റു സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക, സ്കൂളുകളിൽ കായികാദ്ധ്യാപന സംസ്കാരം അവതരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക തുടങ്ങിയ അധികാരങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

ഹൈസ്കൂളുകളുടേയും, യു.പി.സ്കൂളുകളുടേയും മേൽനോട്ടം ജില്ലാ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

മുൻസിപ്പൽ ആരിയയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ എൽ.പി./യു.പി. /ഹൈസ്കൂളുകളുടെ നിയന്ത്രണവും മേൽനോട്ടവും സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം അറ്റകുറ്റ പണികൾ, കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുക, പ്രീ പ്രൈമറി സ്കൂളുകളും പരിശീലനകേന്ദ്രങ്ങളും നടത്തുക, കുട്ടികളുടെ സ്കോളർഷിപ്പ്, ഗ്രാന്റുകൾ ഇവയുടെ വിതരണം തുടങ്ങിയ അധികാരങ്ങൾ മുൻസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) & (ഡി) പി.ഡി.അക്കൗണ്ട് ആരംഭിക്കാനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

**<u>മൈത്രീ ഭവന നിർമ്മാണ പദ്ധതിക്ക് ഹഡ്കോയിൽനിന്ന് വായ്പ ലഭ്യമാക്കാൻ നടപടി</u>**

929 ശ്രീ. എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈത്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം പുതിയ അപേക്ഷകൾക്ക് വായ്പ നൽകേണ്ടതില്ലെന്നും തുടർ ഗഡുക്കൾ നൽകി പദ്ധതി പൂർത്തീകരിച്ചാൽ മതിയെന്നും സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഹഡ്കോയിൽനിന്ന് ഈ പദ്ധതിക്ക് വായ്പ ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) മൈത്രീ നിർമ്മാണ പദ്ധതിയുടെ എത്ര ശതമാനമാണ് ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്നത് ; നിലവിലുള്ള ശതമാനം വർദ്ധിപ്പിക്കുവാൻ ഗവണ്മെന്റ് തയ്യാറാവുമോ ?

**ഉത്തരം**

**ശ്രീ. കെ.എം.മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി ) :**

(എ) ഉണ്ട്.

(ബി) ദുർബല വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പുതിയ ഭവന പദ്ധതിക്ക് ഹഡ്കോയിൽ നിന്നും വായ്പ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മൈത്രീ ഭവന നിർമ്മാണ പദ്ധതി ഭവന നിർമ്മാണ ബോർഡ് നേരിട്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. ഈ ഭവന പദ്ധതി നടപ്പാക്കുന്നതിൽ യാതൊരു ശതമാനമോ സംവരണമോ നിശ്ചയിച്ചിട്ടില്ല.

**<u>അച്ചടിച്ച വിലയേക്കാൾ കൂടുതൽ വില ഈടാക്കുന്നതിനെതിരെ നടപടി.</u>**

930 ശ്രീ പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും, നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണം, ക്രിസ്മസ്, റംസാൻ തുടങ്ങിയ ഉത്സവകാലങ്ങളിൽ ആരംഭിക്കുന്ന വിപണനമേളകലിൽ അച്ചടിച്ച വിലയേക്കാൾ അധികവില കച്ചവടക്കാർക്ക് ഈടാക്കാൻ അനുവാദമുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇപ്രകാരം കൂടുതൽ വില ഈടാക്കുന്നത് തടയാൻ ഫലപ്രദമായി എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ;

(സി) പുസ്തക കച്ചവടക്കാർക്ക് അച്ചടിച്ച വിലയുടെ മേൽ സ്റ്റിക്കർവില പതിച്ച് അമിതവിലയ്ക്ക് പുസ്തകങ്ങൾ വില്പന നടത്തുന്നതിന് അനുവാദമുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇപ്രകാരം അച്ചടിച്ച വിലയേക്കാൾ കൂടുതൽ വില ഈടാക്കുന്നവർക്കെതിരെ എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂടുതൽ വില ഈടാക്കുന്നതിനെതിരെ എന്തൊക്കെ നടപടി സ്വീകരിക്കുകയുണ്ടായി എന്ന് വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ.എം.മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി ) :**

(എ ) ഇല്ല.

(ബി) ഇപ്രകാരം കൂടുതൽ വില ഈടാക്കുന്നത് തടയാൻ ലീഗൽ മെട്രോളജി വകുപ്പ് ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉത്സവകാലങ്ങളിൽ പ്രത്യേക പരിശോധനാ സ്ക്വാഡുകൾ സംഘടിപ്പിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. ഈ അവസരങ്ങളിൽ ജില്ലാതലത്തിൽ അസിസ്റ്റന്റ് കണ്ട്രോളർമാർ, താലൂക്ക്തലത്തിൽ ഇൻസ്പെക്ടർമാർ, ഫ്ളയിംഗ് സ്ക്വാഡ് അസിസ്റ്റന്റ് കണ്ട്രോളർമാർ, എന്നിവർ വെവ്വേറെയും, സംയുക്തമായും വൻതോതിൽ മിന്നൽ പരിശോധനകൾ നടത്തി സ്റ്റാൻഡേർഡ് ഓഫ് വെയിറ്റ്സ് ആന്റ് മെഷേഴ്സ്, പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് നിയമലംഘനം നടത്തുന്ന കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്.

(സി) ഇല്ല.

(ഡി) അച്ചടിച്ച വിലയേക്കാൾ കൂടുതൽ വില ഈടാക്കുന്നവർക്കെതിരെ പാക്കേജ്ഡ് കമോഡിറ്റീസ് ചട്ടങ്ങൾ അനുശാസിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ജൂൺ മാസം വരെ വിലകൂടുതൽ ഈടാക്കിയതിനെതിരെ 6,00,050(ആറു ലക്ഷത്തി അൻപത്) രൂപ പിഴ ഈടാക്കിയിട്ടുണ്ട്. വില കൂടുതൽ ഈടാക്കുന്നതിനെതിരെ വ്യാപാരസ്ഥാപനങ്ങൾ വാണിജ്യ സ്ഥാപനങ്ങൾ, ഭക്ഷണശാലകൾ എന്നിവർക്കെതിരെ കേസുകൾ എടുത്ത് പിഴ ഈടാക്കുകയും പിഴ ഈടാക്കാത്ത കുറ്റക്കാരെ പ്രോസിക്യൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.